**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2836** **28-02-2023 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും സുലഭമായി ലഭിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (എ) | വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും സുലഭമായി ലഭിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>വനത്തിനുള്ളിൽ ജലലഭ്യതയുറപ്പ് വരുത്തുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ്, എന്നിവ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. മണൽച്ചാക്ക്, ബ്രഷ് വുഡ് എന്നിവ ഉപയോഗിച്ച് താത്ക്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മിക്കുന്നു. ഭക്ഷണ ലഭ്യത ഉറപ്പാക്കുന്നതിന് കളകളുടെ നിർമ്മാർജ്ജനം, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തി വരുന്നു. കൂടാതെ വന്യജീവികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചു പിടിപ്പിക്കുന്നുണ്ട്.<br><br>വന്യജീവികളുടെ ആവാസ വ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ഗള്ളി പ്ളഗ്ഗിംഗ്, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ